**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3901** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി ആശുപത്രി മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോമിയോപ്പതി ആശുപത്രികൾ വികസിപ്പിക്കുന്നതിനും ചികിത്സ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ ഹോമിയോപ്പതി ആശുപത്രികളുടെ വികസനത്തിനായി വാർഷിക പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഈ തുക അശുപത്രികൾ നവീകരിക്കുന്നതിനും, ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഉപയോഗിക്കുന്നു. ചികിത്സ മെച്ചപ്പെടുത്തുന്നതിനായി ഇ-ഹോസ്പിറ്റൽ / ഇ-ആയുഷ് തുടങ്ങിയ പദ്ധതികൾ AHims ന്റെ സെക്കൻഡ് വെർഷനിൽ നടപ്പാക്കുന്നതാണ്. കൂടാതെ OP/IP സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും AHims എന്നൊരു സോഫ്റ്റ്വെയർ ഹോമിയോപ്പതി വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്. ഹോമിയോപ്പതി മൊബൈൽ ആപ്പും നടപ്പാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം I ആയി സമർപ്പിക്കുന്നു.<br><br>ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി പെയിൻ ആൻഡ് പാലിയേറ്റീവ് ,കിഡ്നി കെയർ ,ഇൻഫെർട്ടിലിറ്റി, പീടിയാട്രിക്, സ്കിൻ, ജീവിതശൈലീരോഗങ്ങൾ, ഡീ-അഡിക്ഷൻ എന്നീ വിഭാഗങ്ങൾക്കായി സ്പെഷ്യൽ ഒ.പി.കൾ പ്രവർത്തിക്കുന്നു. കൂടാതെ ഇ.എൻ .ടി., ഒഫ്താൽമോളജി, ഫിസിയോതെറാപ്പി, ഇ.സി.ജി. എന്നീ വിഭാഗങ്ങളിലെ സേവനങ്ങളും ലഭ്യമാക്കിവരുന്നു. വിശദ വിവരം അനുബന്ധം II ആയി സമർപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

<u>പദ്ധതിയുടെ നേട്ടങ്ങൾ</u>

➢ സാംക്രമിക രോഗ നിയന്ത്രണ പരിപാടി RAECH പ്രവർത്തനങ്ങൾ (കോവിഡ് 19 – ഹോമിയോപ്പതി ഇമ്മ്യൂൺ ബൂസ്റ്ററിനു പുറമെ, വിവിധ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് പ്രതിരോധ മരുന്ന് വിതരണം ,നവ മാധ്യമ ബോധവൽക്കരണം എന്നിവ നടത്തി. "കരുതലോടെ മുന്നോട്ട്" എന്ന പദ്ധതി വഴി ഹോമിയോപ്പതി ഇമ്മ്യൂൺ ബൂസ്റ്റർ സ്കൂൾ കുട്ടികൾക്ക് നൽകി.

❖ ഉത്സവ വേളകളിൽ തീർത്ഥാടന കേന്ദ്രങ്ങളിൽ താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിച്ച ശബരിമല തീർഥാടന കേന്ദ്രങ്ങളായ പമ്പ, സന്നിധാനം, എരുമേലി, നിലയ്ക്കൽ എന്നീ ഇടങ്ങളിൽ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു,

❖ ആലപ്പുഴ ജില്ലയിൽ കുട്ടനാട്, ചമ്പക്കുളം, ഹരിപ്പാട് എന്നിവടങ്ങളിൽ ഫ്ലോട്ടിങ് ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു.

❖ കൗമാര ആരോഗ്യ പരിചരണം (സദ്ഗമയ)

19 വയസിനു താഴെയുള്ള 18448 കുട്ടികൾക്ക് വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട് ,414 ഓളം IEC പ്രവർത്തനങ്ങൾ നടന്നു, 25462 ബെനിഫിഷറീസ് നു വിവിധ പ്രശനങ്ങൾക്ക് പരിഹാരമായി ടി IEC പ്രവർത്തനം പ്രയോജനപ്പെട്ടു . എറണാകുളം ജില്ലയിൽ ഓൺലൈൻ പ്രോഗ്രാമായി മധ്യവേനൽ അവധിയോടനുബന്ധിച്ച വിവിധ പ്രോഗ്രാമുകൾ അവതരിപ്പിച്ചു .വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ഉയർന്ന ഉദ്യോഗസ്ഥർ ,പൊതു പ്രവർത്തകർ, ദൃശ്യ മാധ്യമ പ്രവർത്തകർ എഴുത്തുകാർ നിയമജ്ഞർ നിയമസഭാ സാമാജികർ മുതലായ പ്രഗത്ഭ വ്യക്തികളുമായുള്ള സംവാദം ഒരുക്കുകയും, ഡിജിറ്റൽ മാധ്യമങ്ങളിലൂടെ കലാപ്രവർത്തങ്ങൾ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ ഈ കോവിഡ് കാലത്തു കുട്ടികൾക്ക് ഗുണകരമായതും മാനസിക ഉല്ലാസത്തിനുമായി പദ്ധതി ആവിഷ്കാരം ചെയ്തു .

പ്രധാന നേട്ടങ്ങളായി സ്റ്റെപ് (S T E P –Sustainable Tribal Education Programme Sadgamaya).

<u>*മറ്റു വകുപ്പുകളിലെ സമാന പദ്ധതികളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ*</u> – വിദ്യാഭ്യാസ വകുപ്പ് -BRC, DIE, വനിതാ ശിശു വികസന വകുപ്പ്, അംഗൻവാടി, കുടുംബശ്രീ, ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, സാമൂഹ്യ നീതി വകുപ്പ് ,പോലീസ് വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, എന്നീ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിച്ചു. ലഹരിവിമോചന പദ്ധതികൾ, യോഗ പരിശീലനം, ടെലി കൗൺസിലിംഗ് /ടെലിമെഡിസിൻ മുതലായവ നടത്തി . ട്രൈബൽ മേഖലകളിലെ കുട്ടികൾക്കായി വിഭാവനം ചെയ്ത പദ്ധതിയാണ് S T E P ഈ വര്ഷം 150 ഓളം ക്രിയാത്മകമായ ഇടപെടലുകൾ ഈ ജനവിഭാഗത്തിൽ നടന്നതും 1000 തിലേറെ ജനങ്ങളുമായി സഹകരിക്കുവാൻ കഴിഞ്ഞതും സദ്ഗമയ യൂണിറ്റുകളുടെ നേട്ടങ്ങളാണ്. BRC സംഘടിപ്പിച്ച ജാലകങ്ങൾക്കപ്പുറം അതിജീവനം, സൗഹൃദ ക്ലബ്, പോഷണ അഭിയാൻ SPC, NSS തുടങ്ങി വിവിധ പദ്ധതികളുമായി സഹകരിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. 'ഉയരെ' – പൊതുപ്രവേശനപ്പരീക്ഷ നേരിടുന്ന കുട്ടികൾക്കായുള്ള ബോധവത്ക്കരണം നടത്തി.

- ഹോമിയോപ്പതി സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ സ്പെഷ്യാലിറ്റി മൊബൈൽ ക്ലിനിക്ക് ,
2 ജില്ലകളിൽ ഇടുക്കി), വയനാട്( എന്നി ദുർഘട പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്ക് മൊബൈൽ ക്ലിനിക്ക് വഴി ആരോഗ്യ പരിപാലനം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
- വനിതകൾക്കായുള്ള ആരോഗ്യ പരിരക്ഷണ കേന്ദ്രങ്ങൾ (സീതാലയം)
23094 ഓളം സ്ത്രീകൾക്ക് ഈ പ്രൊജക്ട് വഴി വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം നേടുവാൻ സാധിച്ചിട്ടുണ്ട്. IEC പ്രവർത്തനങ്ങൾ വഴി 9361 ബെനിഫിഷറീസ്സ് വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായി. സീതാലയത്തിന്റെ തന്നെ ഒരു കംപോണന്റ് ആയ പുനർജനി ലഹരി വിമുക്ത പ്രൊജക്റ്റ് ൽ 4443 ഓളം ലഹരിക്കടിമപെട്ട രോഗികൾക്ക് ചികിത്സയും ബോധവത്കരണവും നൽകുവാൻ കഴിഞ്ഞിട്ടുണ്ട് ,20 മെഡിക്കൽ ഓഫീസർമാർക്ക് ഡി അഡിക്ഷൻ സംബന്ധിച്ച് ട്രെയിനിങ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് .IEC ആക്ടിവിറ്റി– ആന്റി ടുബാക്കോ ഡേ ,ഡ്രഗ് അബ്യൂസ് നാഷണൽ ഡേ ,ഡ്രഗ്സ് നു എതിരായിട്ടുള്ള കാമ്പയിൻ എന്നിവ നടത്തിയിട്ടുണ്ട് സദ്ഗമയ യുമായി ചേർന്ന്.STEP ൽ ട്രൈബൽ ഏരിയയിൽ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി വിദ്യാർഥികളും അധ്യാപകരും അടക്കം 32 പേരും അവരുടെ കുടുംബാംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുത്തു ധവിവി. . ജില്ലകളിൽ വെബ്ബിനാർ നടത്തി
- പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾ
14 ജില്ലാ ആശുപത്രികളിലും RMO യുടെ നേതൃത്വത്തിൽ സെക്കന്ററി പാലിയേറ്റീവ് യൂണിറ്റ് പ്രവർത്തിക്കുന്നു . പാലിയേറ്റീവ് ഒപി ആഴ്ചയിൽ ഒരു ദിവസം ,ഹോം വിസിറ്റ് ,ഗ്രാമ ഡിസ്പെൻസറികളിൽ നിന്നുള്ള റെഫെറൻസ് അറ്റൻഡ് ചെയ്യുക. പാലിയേറ്റീവ് അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു.
- ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുഷ്മാൻഭവ)
14 ജില്ലാ ആശുപത്രികളിൽ ഈ പ്രൊജക്റ്റ് നടപ്പാക്കുന്നു. ഡയബറ്റിക് ,ഹൈപ്പർ ടെൻഷൻ ,കാൻസർ എന്നീ അസുഖങ്ങൾ പ്രേത്യകം ശ്രദ്ധിക്കുന്നു ലൈഫ് സ്റ്റൈൽ ഡിസീസ് സംബന്ധമായി ബോധവത്കരണം നടത്തുന്നു. 44027 രോഗികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.
- തുടർ മെഡിക്കൽ വിദ്യാഭ്യാസവും പരിശീലനവും എന്നിവയ്ക്കായി തുക വിതരണം ചെയ്യുകയും അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ തുക വിനിയോഗിച്ചും വരുന്നു.

2022–23 വർഷത്തിൽ ഹോമിയോപ്പതി വകുപ്പിന്റെ ആധുനിക വൽക്കരണവും നിലവാരം മെച്ചപ്പെടുത്തലും എന്ന ശീർഷകത്തിൽ വകുപ്പിന്റെ വികസനത്തിനും ചികിത്സമെച്ചപ്പെടുത്തുന്നതിനുമായി 750 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ,

ഡയറക്ടർ

ചോദ്യം നം 3901

## അനുബന്ധം II

**ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആശുപത്രികളിൽ വികസനത്തിനും ചികിത്സ മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.**

1. തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 1155 ലക്ഷം രൂപ ചെലവഴിച്ച് ലേഡീസ് ഹോസ്റ്റൽ പണികഴിപ്പിച്ചു
2. കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 1151 ലക്ഷം രൂപ ചെലവഴിച്ച് പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് പണികഴിപ്പിച്ചു
3. തിരുവനന്തപുരത്ത് 825 ലക്ഷം രൂപ ചെലവഴിച്ച് ഫാർമസി കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി.
4. തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പേഷ്യന്റ് ഫെസിലിറ്റേഷൻ സെന്ററിനായി 170 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
5. കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന് ആഡിറ്റോറിയം നിർമ്മാണത്തിനായി 310 ലക്ഷം രൂപ അനുവദിച്ചു.
6. കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന് കളിസ്ഥലം നിർമ്മാണത്തിനായി 108 ലക്ഷം രൂപ അനുവദിച്ചു.
7. ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനായി "ഹോമിയോപ്പതിയിലെ ഗവേഷണങ്ങൾ" എന്ന പേരിൽ പുതിയ സ്കീം അനുവദിച്ചു
8. ഹോമിയോപ്പതിക് മെഡിക്കൽ വിദ്യഭ്യാസ വകുപ്പിനായി 19 പുതിയ തസ്തികകൾ അനുവദിച്ചു.
9. തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ വകുപ്പുതല ഗവേഷണകേന്ദ്രം ആരംഭിക്കുകയും അതിന്റെ കീഴിൽ ഒരു അഡ്വാൻസ് റിസർച്ച് ലബോറട്ടറി സ്ഥാപിക്കുകയും ചെയ്തു.
10. അഞ്ച് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെയും അധ്യാപക ജീവനക്കാരെ ഉൾപ്പെടുത്തി സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാം നടപ്പിലാക്കി
11. അഞ്ച് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെയും അനധ്യാപക ജീവനക്കാരെ ഉൾപ്പെടുത്തി ഇൻസർവ്വീസ് ട്രെയിനിംഗ് പ്രോഗ്രാം നടപ്പിലാക്കി
12. കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 33 ലക്ഷം രൂപ ചെലവഴിച്ച് സെമിനാർ ഹാൾ നവീകരിച്ചു.
13. കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് & റിസർച്ച് പ്രോഗ്രാം ഇൻ ഹോമിയോപ്പതി ( ഐ.എം.ആർ.സി.എച്ച്) പ്രോജക്ട് വളരെയധികം ജനശ്രദ്ധ നേടുകയും നടപ്പ് സാമ്പത്തിക വർഷവും പ്രോജക്ടിന് തുടർ അനുമതി ലഭിക്കുകയും ചെയ്തു.
14. കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റും, തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാൻസർ കെയർ യൂണിറ്റും നിരവധി കാൻസർ രോഗികൾക്ക് അശ്വാസം നൽകി വരുന്നു. നടപ്പ് സാമ്പത്തിക വർഷവും ഈ രണ്ട് യൂണിറ്റിനും പ്രവർത്തനാനുമതിയും ലഭിച്ചിട്ടുണ്ട്.

15. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷം പി.സി.ഒ.ഡി, തൈറോയ്ഡ്, സ്പോർട്സ് മെഡിസിൻ, ഓട്ടിസം, കോവിഡാനന്തര ചികിത്സ എന്നിവയിൽ ഔട്ട് റീച്ച് പ്രോഗ്രാമുകൾ ആരംഭിച്ചു
16. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മിനി കോൺഫറൻസ് ഹാൾ നിർമ്മാണം പൂർത്തിയായി.
17. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 34.1 ലക്ഷം രൂപ ചെലവഴിച്ച് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു
18. തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ 13.2 ലക്ഷം രൂപ ചെലവഴിച്ച് സോളാർ പവർപ്ലാന്റ് നിർമ്മിച്ചു
19. പ്രാക്ടീസ് ഓഫ് മെഡിസിൻ വകുപ്പിൽ പി.ജി. കോഴ്സ് ആരംഭിച്ചു.

**അംഗീകാരങ്ങൾ**

1. 2021 ൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഏറ്റവും നല്ല അധ്യാപികയ്ക്കുള്ള അവാർഡ് ഡോ.രജിത.കെ. നായർ, അസോസിയേറ്റ് പ്രൊഫസർ, കേസ് ടേക്കിംഗ് & റെപ്പർട്ടറി വകുപ്പ്, ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം കരസ്ഥമാക്കി.
2. 2020 ൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഏറ്റവും നല്ല അധ്യാപികയ്ക്കുള്ള അവാർഡ് ഡോ.ബീനദാസ്. റ്റി.ആർ, അസോസിയേറ്റ് പ്രൊഫസർ, മെറ്റിരിയ മെഡിക്ക വകുപ്പ് , ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് , തിരുവനന്തപുരം കരസ്ഥമാക്കി.
3. 2022 ൽ സെൻട്രൽ ആയുഷ് മിനിസ്ട്രിയുടെ ആയുർ പർവ് എന്ന ആയുഷ് മേളയിൽ മികച്ച പങ്കാളിത്തത്തിനുള്ള അവാർഡ് ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് കരസ്ഥമാക്കി.

**തസ്തിക സൃഷ്ടിക്കൽ**

സ.ഉ (കൈ) നം.5/2021/ആയുഷ് തീയതി 25-02-2022 പ്രകാരം 19 പുതിയ തസ്തികകൾ സൃഷ്ടിച്ചു.

**കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

1. പ്രതിരോധ പ്രവർത്തനങ്ങൾ - ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കോവിഡിന്റെ ആരംഭത്തിൽ തന്നെ കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് ഹോമിയോപ്പതിക് ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം ചെയ്യുന്നുണ്ട്. ആകെ 11,44,288 പേർക്ക് ഇമ്മ്യൂൺ ബൂസ്റ്റർ വിതരണം ചെയ്തു. തിരുവനന്തപുരം, കോഴിക്കോട് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രികൾ സി.എഫ്.എൽ.റ്റി.സി.കളായി പ്രവർത്തിച്ചിട്ടുണ്ട്.
2. കേവിഡാനന്തര ചികിത്സ- രണ്ട് സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിലും പോസ്റ്റ് കോവിഡ് ഒ.പി. കളിൽ ഇതു വരെ 984 പേർ ചികിത്സ നേടി.

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർക്ക് വേണ്ടി
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ